# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 04-02-2026** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. മണിപ്പൂരിൽ രാഷ്ട്രപതി ഭരണം പിൻവലിച്ചു. വിജ്ഞാപനം പുറത്തിറക്കി കേന്ദ്ര ആഭ്യന്തര മന്ത്രാലയം.

   **President Droupadi Murmu has revoked the President rule in Manipur with effect from today. The Home Ministry has issued a gazette notification in this regard.**

2. വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭയിൽ നടപടികൾ തടസ്സപ്പെട്ടു. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

   **Due to protests by the opposition on various issues, proceedings in the Lok Sabha were disrupted. Both Houses were adjourned for the day.**

3. ജമ്മുകാശ്മീരിലെ ഉദ്ദംപൂരിലുണ്ടായ ഏറ്റുമുട്ടലിൽ സുരക്ഷാസേന രണ്ട് ഭീകരരെ വധിച്ചു.

   **Two terrorists were killed by security forces in an encounter that took place in Udhampur, Jammu and Kashmir.**

4. കേരളത്തിൽ എസ് ഐ ആറിന്റെ ഭാഗമായുള്ള ഹിയറിംഗ് നൂറു ശതമാനം പൂർത്തിയാക്കുന്ന ആദ്യ നിയമസഭാ മണ്ഡലമായി ആലപ്പുഴയിലെ കുട്ടനാട്.

   **Kuttanad in Alappuzha has become the first Assembly constituency in Kerala to complete 100 percent of the hearing process as part of SIR.**

5. ശബരിമല സ്വർണ്ണ അപഹരണക്കേസിൽ നിയമസഭയിൽ ഇന്നും പ്രതിപക്ഷ ബഹളം. സംസ്ഥാന ബജറ്റിന്മേലുള്ള ചർച്ചകൾ സഭയിൽ പൂർത്തിയായി.

**Opposition uproar in the Kerala Assembly today over the Sabarimala gold smuggling case. Discussions on the state budget have been completed.**

6. 2025-26 ലെ നീറ്റ്-പിജി പ്രവേശന കട്ട്-ഓഫ് ശതമാനം കുറച്ച തീരുമാനത്തിൽ നാഷണൽ ബോർഡ് ഓഫ് മെഡിക്കൽ സയൻസസിൽ നിന്നും വിശദീകരണം തേടി സുപ്രീം കോടതി.

**The Supreme Court today sought responses from the Centre and other authorities on a plea challenging the decision of the National Board of Examinations in Medical Sciences (NBEMS) to sharply reduce the qualifying cut-off percentiles for NEET-PG** 2025-26.

**********************

## MANIPUR - PREZ RULE

മണിപ്പൂരിൽ രാഷ്ട്രപതി ഭരണം പിൻവലിച്ചു. ഇത് സംബന്ധിച്ച വിജ്ഞാപനം കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറത്തിറക്കി. ഭരണഘടനയുടെ അനുച്ഛേദം 356 പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് രാഷ്ട്രപതി റദ്ദാക്കിയതായി വിജ്ഞാപനത്തിൽ പറയുന്നു. കഴിഞ്ഞ വർഷം ഫെബ്രുവരി 13 നാണ് മണിപ്പൂരിൽ രാഷ്ട്രപതി ഭരണം നിലവിൽ വന്നത്.

**********************

## PARLIAMENT

വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭയിൽ നടപടികൾ തടസ്സപ്പെട്ടു. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. മൂന്ന് തവണ നിർത്തിവച്ച ലോക്സഭാ നടപടികൾ 5 മണിയോടെ പുനരാരംഭിച്ചെങ്കിലും, പ്രതിപക്ഷം പ്രതിഷേധം തുടരുകയായിരുന്നു. രാവിലെ ചോദ്യോത്തരവേള ആരംഭിച്ചെങ്കിലും ബഹളത്തെ തുടർന്ന് മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചില്ല. അതെസമയം, രാജ്യസഭയിൽ രാഷ്ട്രപതിയുടെ അഭിസംബോധനയിൻ മേലുള്ള നന്ദിപ്രമേയ ചർച്ചകൾ ഇന്നും തുടർന്നു.

****************

## LS - AADHAAR

യുണിക് ഐഡെന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ, രാജ്യത്തെ മരണപ്പെട്ട 2.5 കോടിയിലധികം പേരുടെ ആധാർ നമ്പറുകൾ നിർജ്ജീവമാക്കിയതായി കേന്ദ്ര സർക്കാർ. ആധാർ ഡാറ്റാ ബേസിന്റെ സുതാര്യത നിലനിർത്തുന്നതിനാണ് ഈ നടപടിയെന്ന് ലോക്സഭയിൽ എഴുതി നൽകിയ മറുപടിയിൽ കേന്ദ്ര സഹമന്ത്രി ജിതിൻ പ്രസാദാ അറിയിച്ചു. നിലവിൽ ഏകദേശം 134 കോടി സജീവ ആധാർ കാർഡുകളാണ് ഉള്ളതെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

****************

## RS-GOYAL (INTRO)

ഇന്ത്യ-യുഎസ് വ്യാപാര കരാർ ഉൽപ്പാദന വളർച്ചയ്ക്കും, സാമ്പത്തിക മുന്നേറ്റത്തിനും സഹായിക്കുമെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. കരാർ സംബന്ധിച്ച് രാജ്യസഭയിൽ പ്രസ്താവന നടത്തുകയായിരുന്നു അദ്ദേഹം. ചെറുകിട, ഇടത്തരം ബിസിനസുകാർക്കും, എംഎസ്എംഇകൾക്കും, ഇതിലൂടെ പുതിയ അവസരങ്ങൾ തുറക്കുമെന്നും ശ്രീ ഗോയൽ പറഞ്ഞു.

( **വോയിസ്....**)

ഇന്ത്യയുടെ കയറ്റുമതി തീരുവ 18 ശതമാനമാക്കുമെന്ന യു.എസ് പ്രസിഡൻറിൻറെ പ്രഖ്യാപനം അമേരിക്കൻ വിപണിയിൽ ഇന്ത്യയുടെ കയറ്റുമതി ശേഷി വർദ്ധിപ്പിക്കുമെന്നും കേന്ദ്ര മന്ത്രി വ്യക്തമാക്കി.

****************

## HOME-NAXALISM

ഈ വർഷം മാർച്ച് മാസത്തോടെ നക്സൽ മുക്ത ഇന്ത്യ എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ്. നക്സലിസം പ്രതിരോധിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി പതിനായിരം കോടിയിലധികം രൂപ ചെലവഴിച്ചതായി അദ്ദേഹം രാജ്യസഭയിൽ പറഞ്ഞു. 2025 ആയപ്പോൾ നക്സൽ ബാധിത സംസ്ഥാനങ്ങളുടെ എണ്ണം 10 ൽ നിന്ന് മൂന്നായി കുറഞ്ഞെന്നും കേന്ദ്രസഹമന്ത്രി വ്യക്തമാക്കി.

****************

## J-K UDHAMPUR ENCOUNTER

ജമ്മുകാശ്മീരിൽ ഉദ്ദംപൂരിലെ രാം നഗർ മേഖലയിൽ ഉണ്ടായ ഏറ്റുമുട്ടലിൽ സുരക്ഷാസേന രണ്ട് ഭീകരരെ വധിച്ചു. ജമ്മു കാശ്മീർ

പോലീസ്, സിആർപിഎഫ് എന്നിവയുടെ സംയുക്ത സംഘം നടത്തിയ പരിശോധനയ്ക്ക് ഒടുവിലാണ് ഏറ്റുമുട്ടൽ നടന്നത്.

****************

## SC-NBE NEET

2025-26 ലെ നീറ്റ്-പിജി പ്രവേശനത്തിനുള്ള കട്ട്-ഓഫ് ശതമാനം കുറച്ച തീരുമാനത്തിൽ നാഷണൽ ബോർഡ് ഓഫ് മെഡിക്കൽ സയൻസസ് നിന്നും സുപ്രീം കോടതി വിശദീകരണം തേടി. കട്ട്-ഓഫ് പരിഷ്കരണം ചോദ്യം ചെയ്യുള്ള ഹർജികളിൽ വെള്ളിയാഴ്ച കൂടുതൽ വാദം കേൾക്കും. രാജ്യത്തുടനീളം 18,000-ത്തിലധികം ബിരുദാനന്തര മെഡിക്കൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത് കണക്കിലെടുത്താണ് നീറ്റ്-പിജി കട്ട്-ഓഫ് പരിഷ്കരിച്ചത്. പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരം, സംവരണ വിഭാഗങ്ങൾക്കുള്ള കട്ട്-ഓഫ് പൂജ്യവും ജനറൽ വിഭാഗത്തിനുള്ളത് ഏഴു ശതമാനവുമാക്കി.

****************

## INDIA-BRICS CENTRE

ബ്രിക്സ് രാജ്യങ്ങളിലെ നിർമ്മാണ കമ്പനികൾക്കും സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും പിന്തുണ നൽകുന്ന സംഘടനയായ BCIC യിൽ ചേർന്ന് ഇന്ത്യ. ന്യൂഡൽഹിയിൽ വ്യവസായ മന്ത്രാലയം സംഘടിപ്പിച്ച പരിപാടിയിലാണ് ഇന്ത്യ, BCIC യിൽ ചേർന്നത്. BCIC യുമായുള്ള ഇടപെടലിന് നാഷണൽ പ്രൊഡക്ടിവിറ്റി കൗൺസിൽ നേതൃത്വം നൽകുമെന്നും വ്യവസായ മന്ത്രാലയം അറിയിച്ചു .

****************

## PM MALAYSIA VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മലേഷ്യ സന്ദർശനത്തിന് ശനിയാഴ്ച തുടക്കമാകും. പത്താമത് ഇന്ത്യ-മലേഷ്യ സിഇഒ ഫോറത്തിൽ അദ്ദേഹം പങ്കെടുക്കും. മലേഷ്യൻ പ്രധാനമന്ത്രിയുമായി ഉഭയകക്ഷി ചർച്ചകൾ നടത്തുന്ന ശ്രീ നരേന്ദ്ര മോദി ഇന്ത്യൻ സമൂഹവുമായും വ്യവസായ പ്രതിനിധികളുമായും സംവദിക്കും.

****************

## BUDDHA RELICS COLOMBO

ശ്രീലങ്കയുടെ ദേശീയ ദിനത്തോടനുബന്ധിച്ച് ശ്രീബുദ്ധന്റെ ദേവ്നിമോറി തിരുശേഷിപ്പുകൾ വ്യോമസേനയുടെ പ്രത്യേക വിമാനത്തിൽ ഇന്ന് കൊളംബോയിൽ എത്തിച്ചു. തിരുശേഷിപ്പുകൾ എത്തിച്ച ഗുജറാത്ത് ഗവർണർ ആചാര്യ ദേവ്വ്രത്, ഉപമുഖ്യമന്ത്രി ഹർഷ് സംഘവി എന്നിവരുടെ നേതൃത്വത്തിലുള്ള ഉന്നതതല പ്രതിനിധി സംഘത്തെ ശ്രീലങ്കൻ മന്ത്രിമാർ

ചേർന്ന് സ്വീകരിച്ചു. ഈ മാസം 10 വരെ കൊളംബോയിലെ ഗംഗാരാമയ ക്ഷേത്രത്തിൽ തിരുശേഷിപ്പുകൾ പ്രതിഷ്ഠിക്കും.

****************

## SC-SIR HEARING UNDERWAY

പശ്ചിമ ബംഗാളിലെ SIR പ്രക്രിയയുടെ ഭാഗമായി പേരിലെ അക്ഷരത്തെറ്റുകൾ പോലുള്ള കാരണങ്ങളിൽ വ്യക്തികൾക്ക് നോട്ടീസ് നൽകുമ്പോൾ, കൂടുതൽ സംവേദനക്ഷമത പാലിക്കണമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനോട് സുപ്രീം കോടതി. തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി മമത ബാനർജി സമർപ്പിച്ച ഹർജിയിൽ വാദം കേൾക്കുകയായിരുന്നു കോടതി. പേരുകളിലെ തെറ്റുകൾ പരിശോധിക്കാൻ കമ്മീഷനെ സഹായിക്കാനായി പ്രാദേശിക ഭാഷായിൽ പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരെ നിയോഗിക്കാമെന്നും കോടതി നിർദേശിച്ചു. അതേസമയം, പശ്ചിമ ബംഗാൾ സർക്കാർ ബൂത്ത് ലെവൽ ഓഫീസർമാരെ ഭീഷണിപ്പെടുത്തുന്നതായി ബിജെപി ആരോപിച്ചു.

****************

## SIR -KERALA

കേരളത്തിൽ എസ് ഐ ആർ പ്രക്രിയയുടെ ഭാഗമായി ഹിയറിംഗ് നൂറു ശതമാനം പൂർത്തിയാക്കുന്ന ആദ്യ നിയമസഭാ മണ്ഡലമായി കുട്ടനാട്. 14,233 പേർക്ക് നോട്ടീസ് നൽകി ഹിയറിംഗ് നടത്തിയാണ് ഈ നേട്ടം കൈവരിച്ചത്. അരുവിക്കരയും വൈക്കവും കുന്നത്തുനാടുമാണ് ഈ നേട്ടം കൈവരിച്ച മറ്റ് മണ്ഡലങ്ങൾ. മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ ഡോ രത്തൻ.യു.കേൽക്കർ മണ്ഡലങ്ങളിലെ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ അഭിനന്ദിച്ചു. ഈ മാസം 12-നകം സംസ്ഥാനത്തുടനീളം ഹിയറിംഗ് പ്രക്രിയ പൂർത്തിയാക്കാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

****************

## ASSEMBLY (INTRO)

ശബരിമല വിഷയത്തിലെ പ്രതിപക്ഷ പ്രതിഷേധവും കേന്ദ്രത്തിൽ നിന്നു കൂടുതൽ പരിഗണന ആവശ്യപ്പെട്ട് മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയവുമായിരുന്നു ഇന്നു കേരളനിയമസഭയിൽ ബജറ്റ് ചർച്ചയ്ക്ക് പുറമെ ഉണ്ടായിരുന്ന പ്രധാന നടപടികൾ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

(വോയ്സ്)

****************

## Sabarimala Case

ശബരിമലയിലെ ആടിയശിഷ്ടം നെയ്യ് വിതരണത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട ദേവസ്വം വിജിലൻസ് കേസിൽ ദേവസ്വം ബോർഡ് ജീവനക്കാരൻ സുനിൽ കുമാർ പോറ്റി അറസ്റ്റിൽ. പത്തനംതിട്ട വിജിലൻസ് ഓഫിസിൽ നടന്ന ചോദ്യം ചെയ്യലിന് ശേഷമായിരുന്നു അറസ്റ്റ്. അതെസമയം, ശബരിമല സ്വർണ കേസിൽ മുഖ്യപ്രതി ഉണ്ണികൃഷ്ണൻ പോറ്റിയുടെ ജാമ്യഹർജിയിൽ കൊല്ലം വിജിലൻസ് കോടതി നാളെ വിധി പറയും.

****************

## J-K MEDIA VISIT

കേരളവും കശ്മീരും ആത്മീയമായും സാംസ്കാരികമായും ആഴമുള്ള ബന്ധം പങ്കുവെക്കുന്ന പ്രദേശങ്ങളാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള ശ്രീനഗർ പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന മാധ്യമ പര്യടനത്തിന്റെ ഭാഗമായി ജമ്മു കശ്മീരിൽ നിന്നെത്തിയ മാധ്യമ സംഘവുമായി തിരുവനന്തപുരത്ത് ലോക്ഭവനിൽ സംവദിക്കുകയായിരുന്നു അദ്ദേഹം. രണ്ട് ഉദ്യോഗസ്ഥരും 12 മാധ്യമപ്രവർത്തകരും അടങ്ങുന്ന സംഘമാണ് ഗവർണറുമായി കൂടിക്കാഴ്ച നടത്തിയത്. പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ അഡീഷണൽ ഡയറക്ടർ ജനറൽ വി. പളനിച്ചാമി, പിഐബി ശ്രീനഗറിലെ മീഡിയ & കമ്മ്യൂണിക്കേഷൻ ഓഫീസർ മജീദ് പണ്ഡിറ്റും സന്നിഹിതനായിരുന്നു.

****************

## SHOOTING

ഡൽഹിയിൽ നടന്ന ഏഷ്യൻ റൈഫിൾ ആൻഡ് പിസ്റ്റൾ ചാമ്പ്യൻഷിപ്പിൽ ഒളിമ്പ്യൻ ഇഷ സിങ്ങിന് സ്വർണ്ണം. വനിതകളുടെ 10 മീറ്റർ എയർ പിസ്റ്റൾ ഇനത്തിലാണ് മെഡൽ നേട്ടം. ചൈനീസ് താരങ്ങൾക്കാണ് വെള്ളി, വെങ്കല മെഡലുകൾ. വനിതകളുടെ ടീം ഇനത്തിൽ ഇഷ, മനു ഭാക്കർ, സുരുചി സിംഗ് എന്നിവരുൾപ്പെട്ട സംഘം സ്വർണം നേടി. പുരുഷന്മാരുടെ 10 മീറ്റർ എയർ പിസ്റ്റൾ ഇനത്തിൽ ലോക ചാമ്പ്യൻ സാമ്രാട്ട് റാണയ്ക്ക് വെങ്കല മെഡൽ ലഭിച്ചു.

****************

## UNDER 19-CRICKET

അണ്ടർ -19 പുരുഷ ഏകദിന ലോകകപ് ക്രിക്കറ്റിൽ അഫ്ഗാനിസ്ഥാനെതിരെ ഇന്ത്യക്ക് 311 റൺസ് വിജയലക്ഷ്യം.

ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത അഫ്ഗാനിസ്ഥാൻ നാല് വിക്കറ്റ് നഷ്ടത്തിൽ 310 റൺസ് നേടി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 2 വിക്കറ്റ് നഷ്ടത്തിൽ 251 റൺ എന്ന നിലയിലാണ്. മറ്റന്നാളാണ് ഫൈനൽ.

****************

## SANTHOSH TROPHY

സന്തോഷ് ട്രോഫി ഫുട്ബോൾ സെമിഫൈനൽ മത്സരങ്ങൾ നാളെ നടക്കും. സെമിയിൽ കേരളം പഞ്ചാബിനെയും, സർവീസസ് - റെയിൽവേയ്സിനെയും നേരിടും.

****************

## PM- PARIKSHA PE CHARCHA

വെള്ളിയാഴ്ച നടക്കുന്ന പരീക്ഷ പേ ചർച്ച പരിപാടി കാണാൻ പൗരന്മാരോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യത്തെ യുവജനങ്ങളുമായി സംവദിക്കുന്നത്

ഉന്മേഷദായകമാണെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. സമ്മർദ്ദമില്ലാതെ പരീക്ഷകളെ നേരിടേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹം ഓർമിപ്പിച്ചു.

****************

***********

*****